"ഭരണഭാഷ– മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന് റിവോൾവിംഗ് ഫണ്ട് നൽകുന്നത് - 05/02/2019ലെ സി.സി ഖണ്ഡിക 4.8 നമ്പർ തീരുമാന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.432/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/02/2019

പരാമർശം:- 1.കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാന്റെ 23/01/2019ലെ കത്ത്

2.05/02/2019ലെ സി.സി ഖണ്ഡിക 4.8 നമ്പർ തീരുമാനവും.

<u>ഉത്തരവ്</u>

കടത്തനാട് കോക്കനനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ പരിധിയിൽ വരുന്ന കുന്നുമ്മൽ, തൂണേരി ബ്ലോക്ക് പഞ്ചായത്തുകളും അതിലുൾപ്പെടുന്ന പതിനാല് ഗ്രാമപഞ്ചായത്തുകളും കോഴിക്കോട് ജില്ലാ പഞ്ചായത്തുമായി ചേർന്ന് കാർഷിക മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ സംഭരണവും വിപണനവും നടത്തുന്ന പദ്ധതി നടപ്പാക്കുന്നതിനായി പതിനാല് ഗ്രാമപഞ്ചായത്തുകളും 2 ബ്ലോക്ക് പഞ്ചായത്തുകളും 5.00 ലക്ഷം രൂപ വീതവും ജില്ലാ പഞ്ചായത്ത് 15.00 ലക്ഷം രൂപയും റിവോൾവിംഗ് ഫണ്ടായി കമ്പനിക്ക് നൽകാൻ അനുമതി നൽകുന്നതിന് പരാമർശം 1 പ്രകാരം കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും പരാമർശം 2 ,കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ സേവന പരിധിയിൽ വരുന്ന കുന്നുമ്മൽ, തൂണേരി ബ്ലോക്ക് പഞ്ചായത്തുകളും അതിനു കീഴിൽ വരുന്ന ഗ്രാമ പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തും യോഗം ചേർന്ന് തീരുമാനമെടുക്കുകയും ഇതിനായി അനുയോജ്യമായ സംയുക്ത പ്രോജക്ട് തയ്യാറാക്കുകയും ചെയ്യുന്ന മുറക്ക് ഇതു

നടപ്പാക്കാൻ അനുമതി നൽകി കൊണ്ട് ഉത്തരവാകുന്നു . ഇതിനായി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പ്രത്യേക മോണിട്ടറിംഗ് സമിതി രൂപീകരിക്കുകയും റിവോൾവിംഗ് ഫണ്ടിന്റെ ഉപയോഗമടക്കമുള്ള കാര്യങ്ങൾ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

ജില്ലാപ്ലാനിംഗ് ഓഫീസർ,കോഴിക്കോട്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി,കോഴിക്കോട് ജില്ലാപഞ്ചായത്ത്

ചെയർമാൻ, കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, നടുപ്പൊയിൽ, വടയം പിഒ, കക്കട്ടിൽ വഴി, കോഴിക്കോട് 673513

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ)പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ)പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ